**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2439** **13-09-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ പൊതുവിപണി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിൽ നിന്നുള്ള ധനസഹായം കൃത്യസമയത്ത് ലഭിക്കാതിരിക്കുന്നതും വിതരണക്കാർക്കുള്ള കുടിശ്ശിക കൊടുത്ത് തീർക്കാൻ കഴിയാത്തതും മൂലം പൊതു വിപണിയിൽ ഫലപ്രദമായി ഇടപെടാൻ സപ്ലൈകോയ്ക്ക് കഴിയുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ആഗസ്റ്റ് മാസത്തിൽ ഓണം പ്രമാണിച്ച നടത്തിയ ടെൻഡറിൽ വിതരണക്കാർ പങ്കെടുക്കുകയും സാധനങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുകയും മുൻമാസങ്ങളിലേതുപോലെ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുവാനും സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പനയും, പ്രത്യേക ഓണം ഫെയറുകൾ സംഘടിപ്പിക്കുന്നതും ഉൾപ്പെടെയുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി തന്നെ സപ്ലൈകോ മുഖേന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ